ഉത്തരം

(എ) ഓണാട്ടുകര പ്രദേശത്ത് റിജുവനേഷൻ സ്കീമിന്റെ പൈലറ്റ് പദ്ധതി മുതുകുളം ബ്ലോക്ക് പ്രദേശത്തും, കായംകുളം മുനിസിപ്പൽ അതൃത്തിക്കുള്ളിലും കഴിഞ്ഞ 5 വർഷമായി നടപ്പിലാക്കി വരികയായിരുന്നു. 1979 ഫെബ്രുവരി മാസം 28-ാം തീയതി മുതൽ ഈ പദ്ധതി നിർത്തൽ ചെയ്തു. ഇതിനു പകരമായി സംസ്ഥാന വ്യാപകമായി നടപ്പിലാക്കികൊണ്ടിരിക്കുന്ന റിജുവനേഷൻ സ്കീം ഓണാട്ടുകര പ്രദേശത്തും താമസിയാതെ നടപ്പിലാക്കുന്നതാണ്.

(ബി) അടുത്ത രണ്ടു കൊല്ലത്തിനുള്ളിൽ നടപ്പാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

(സി) ചോദ്യം ഉദിക്കുന്നില്ല.

കാർഷികോൽപ്പാദന ഉപാധികളും സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി

1088 [1735] ശ്രീ. എ. വി. താമരാക്ഷൻ:

,, കല്ലട നാരായണൻ:

,, ത്യാഗരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സഭയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ട കർഷകർക്ക് കാർഷികോൽപ്പാദന ഉപാധികളും സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതിക്ക് ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ആ പദ്ധതിയുടെ വിശദാംശങ്ങളെന്തെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഈ സാമ്പത്തിക വർഷം എത്ര ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്;

(ഡി) അതിൽ എത്ര ലക്ഷം രൂപാ ഇതിനകം ചെലഴിച്ചു;

(ഇ) ബാക്കി തുകകൂടി ചെലവഴിക്കാൻ സത്വര നടപടികളും സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) താഴെ പറയും പ്രകാരം മൂന്നു പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

1. പട്ടികജാതി–പട്ടിക വർഗ്ഗക്കാരുടെ ഉന്നമനത്തിനായുള്ള സ്പെഷ്യൽ പദ്ധതി

ഈ പദ്ധതി അനുസരിച്ച് ഗിരിവർഗ്ഗ കോളനികളിലെ കൃഷിക്കാർക്ക് കാർഷിക വികസനത്തിനായി, മണ്ണു സംരക്ഷണ പദ്ധതികളും സൗജന്യമായി നടപ്പിലാക്കുകയും, കൃഷി ചെയ്യുന്നതിനാവശ്യമായ തൈകളും മറ്റും സൗജന്യമായി വിതരണം ചെയ്യുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. പട്ടികജാതി-പട്ടിക വർഗ്ഗ കൃഷിക്കാർക്കുള്ള ഉദാരമായ സബ്സിഡി പദ്ധതി

ഇതനുസരിച്ച് തെങ്ങിൻ തൈകൾ (നാടൻതൈകളും, സങ്കര വർഗ്ഗവും) നൂറു ശതമാനം സൗജന്യമായും (ഒരാളിന് 10 തൈ വരെ) പ്രസ്തുത കൃഷിക്കാരുടെ കൃഷി ഭൂമിയിൽനിന്നും പരമാവധി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ രാസവളത്തിന്റെ 50 ശതമാനം സൗജന്യമായും (ഇത് ഒരു കൃഷിക്കാരന് പരമാവധി 100 രൂപായിൽ കവിയാൻ പാടില്ല) സസ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കാവശ്യമായ കീടനാശിനികൾ പരമാവധി 25 രൂപയിൽ കവിയാതുള്ളതു സൗജന്യമായും നൽകി വരുന്നു.

3. ഗിരിവർഗ്ഗ ക്ഷേമ വികസന സബ് പ്ലാൻ പ്രദേശത്ത് ഗിരിവർഗ്ഗ ക്ഷേമം ലക്ഷ്യമാക്കി നടപ്പാക്കിവരുന്ന കൃഷി പദ്ധതി

ഈ പദ്ധതിയനുസരിച്ച് അട്ടപ്പാടിയിൽ ഒരു വിത്തുൽപ്പാദന കേന്ദ്രം സ്ഥാപിക്കുക, സബ് പ്ലാൻ പ്രദേശത്തെ ഗിരിവർഗ്ഗ കർഷകർക്ക് ശാസ്ത്രീയ കൃഷി രീതിയിൽ പരിശീലനം നൽകുക, അവർക്ക് മേത്തരം പണിയായുധങ്ങൾ സൗജന്യമായി വിതരണം ചെയ്യുക എന്നിവയാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി). മൂന്നു പദ്ധതികൾക്കുംകൂടി 20.37 ലക്ഷം രൂപാ.

(ഡി) 1979 ജനുവരി മാസം അവസാനം വരെ 7.153 ലക്ഷം രൂപാ ചെലവഴിച്ചിട്ടുണ്ട്.

(ഇ) അതിനു വേണ്ടുന്ന നിർദ്ദേശങ്ങൾ ജില്ലാ കൃഷി ഉദ്യോഗസ്ഥൻമാർക്കു നൽകിയിട്ടുണ്ട്.

ഫാം തൊഴിലാളികൾ

1089 [1736] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം സ്ഥിരം ഫാം തൊഴിലാളികളുണ്ട്;

(ബി) അവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നു;

(സി) ഫാം തൊഴിലാളികളിൽ റെഗുലർ, പെർമനൻറ്, കാഷ്വൽ എന്ന മൂന്നു വിഭാഗം വേറെ ഉണ്ടോ;

(ഡി) എങ്കിൽ ഇവരിൽ എന്ത് വ്യത്യാസമാണുള്ളത്.

(ഇ) ഇവരുടെ വേതന വർദ്ധനവും ശമ്പളസ്കെയിലും എങ്ങനെയാണുള്ളത്;

(എഫ്) ഇവരുടെ ശമ്പളത്തുകകൾക്ക് വ്യത്യാസമുണ്ടോ;

(ജി) വ്യത്യാസത്തിന് കാരണമെന്ത്;

(എച്ച്) ഫെസ്റ്റിവൽ അലവൻസ് ഏതെല്ലാം ഫാമുകളിൽ നൽകിയിട്ടുണ്ട്;

(ഐ) ഫെസ്റ്റിവൽ അലവൻസ് നീലേശ്വരം ഫാമിൽ കാഷ്വൽ തൊഴിലാളികൾക്ക് നൽകാതിരിക്കാൻ കാരണമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly